# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 995      12/12/2012 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. എ.പി. അനിൽ കുമാർ (പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് സ്കോളർഷിപ്പ് തുകയെ പറ്റിയുള്ള വിശദ വിവരം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് പഠനത്തിന് ലംപ്സം ഗ്രാന്റിനത്തിൽ അനുവദിക്കുന്ന തുക ചുവടെ ചേർക്കുന്നു.<br><br>നഴ്സറി സ്കൂൾ :150/- രൂപ<br>എൽ.പി : 250/- രൂപ<br>യു.പി. : 500/- രൂപ<br>ഹൈസ്കൂൾ : 750/- രൂപ<br><br>നായാടി, വേടൻ, വേട്ടുവൻ തുടങ്ങിയ വൾനറബിൾ കമ്മ്യൂണിറ്റീസിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിനു പുറമെ പ്രതിമാസ സ്റ്റൈപ്പന്റ് കൂടി അനുവദിച്ചു വരുന്നു. നിരക്ക് ചുവടെ ചേർക്കുന്നു.<br><br>വിഭാഗം<br>എൽ.പി : 100/- രൂപ<br>യു.പി. : 125/- രൂപ<br>ഹൈസ്കൂൾ : 150/-രൂപ<br><br>അംഗീകൃത ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയായി 100/- രൂപയും അനുവദിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350/- രൂപ മുതൽ 2,500/- രൂപ വരെ വ്യത്യസ്ത നിരക്കുകളിലാണ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നത്. 8 കിലോ മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500/- രൂപ, 8 കിലോമീറ്ററിനു വെളിയിൽ താമസിക്കുന്നവർക്ക് 600/- രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് അനുവദിച്ചുവരുന്നു. അംഗീകൃത ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണചെലവും പോക്കറ്റ് മണിയായി 150/- രൂപയും അനുവദിച്ചുവരുന്നു.<br><br>പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും, വിദ്യാർത്ഥി സ്വന്തം നിലയിൽ താമസിച്ചു പഠനം നടത്തുകയാണെങ്കിൽ 1500/- രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു. |
| (ബി) | മറ്റ് ന്യൂനപക്ഷ സമുദായങ്ങൾക്ക് ഈയിനത്തിൽ ലഭിക്കുന്ന തുക ഇതിനേക്കാൾ വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | ഈ ഗവൺമെന്റ് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏതെല്ലാം ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്, വിശദമാക്കാമോ? | (സി) | 11/01/2012 ലെ സ.ഉ(കൈ)നം. 6/12/ പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവയുടെ നിരക്കുകൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

കൂടാതെ പ്രീമെട്രിക് തലത്തിൽ നൽകി വരുന്ന ലംപ്സംഗ്രാന്റ് പിന്നോക്ക വിഭാഗത്തിന് ലഭിക്കുന്നതിനേക്കാൾ കുറവാണെന്ന് കണ്ടതിനാൽ 1 മുതൽ 10 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റായി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ